(ഇ-എഫ്) ഈ കേസുമായി ബന്ധപ്പെട്ട് കരിമുള്ളഖാൻ എന്നൊരാളെ പോലീസ് അറസ്റ്റുചെയ്തിട്ടുണ്ട്.

(ജി) സമര ദിവസങ്ങളിൽ ഓഫീസ് പരിസരത്ത് അക്രമസംഭവങ്ങളും സംഘർഷവും ഒഴിവാക്കുന്നതിന് വകുപ്പുമേധാവികളുമായി ആലോചിച്ച് മുൻകരുതൽ നടപടി സ്വീകരിക്കാൻ ഡി.ജി.പി. യ്ക്ക് നിർദ്ദേശം നൽകാറുണ്ട്.

(എച്ച്) 10-1-2001-ന് ആൾ ഇന്ത്യാ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയ്മെന്റ് ഫെഡറേഷൻ നടത്തിയ പണിമുടക്കിനെ തുടർന്ന് തിരുവനന്തപുരം സിറ്റിയിലെ മൊത്തം പോലീസ് സേനയേയും മൊബിലൈസ് ചെയ്ത് ഡ്യൂട്ടിക്ക് നിയമിച്ചിരുന്നു. അതോടൊപ്പം സെക്രട്ടറിയേറ്റിലെ 4 ഗേറ്റുകളിലും ശക്തമായ പോലീസ് ബന്ധവസ് ഏർപ്പെടുത്തിയിരുന്നു.

(ഐ-എൽ) ഒരുവിഭാഗം ജീവനക്കാർ സംഘം ചേർന്ന് മുദ്രാവാക്യം വിളിച്ച് മുഖ്യമന്ത്രിയുടെ ബ്ലോക്കിൽ അതിക്രമിച്ചു പ്രവേശിച്ചു. സെക്യൂരിറ്റി സംവിധാനത്തെ തകർത്തുകൊണ്ട് മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും ഭീഷണി ഉയർത്തിയതുകൊണ്ട് അക്രമം കാട്ടിയ 5 ജീവനക്കാരെ അറസ്റ്റുചെയ്യുകയുണ്ടായി. ഇവരെ സഹായിക്കുന്നതിന് പുറത്തുനിന്നും ചില നേതാക്കന്മാരും എത്തിയിരുന്നു. തുടർന്ന് അവരുടെ ആവശ്യപ്രകാരം അഞ്ചുപേരെയും മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ടി സംഭവങ്ങളുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് രണ്ടുക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വീരപ്പനെ പിടിക്കാൻ നടപടി

163 (165) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി അവസാനവും ഫെബ്രുവരി ആദ്യവും വീരപ്പൻ കേരളാതിർത്തിക്കുള്ളിലുള്ള മലകളിൽ എത്തിയിരുന്നുവോ ;

(ബി) എങ്കിൽ എത്ര ദിവസം അയാൾ കേരളാതിർത്തിക്കുള്ളിലുണ്ടായിരുന്നു ;

(സി) അയാൾ കേരളത്തിലെത്തി ഇരുപത്തിനാലു മണിക്കൂറുകൾക്കകം അയാളെ പിടിച്ചുവോ ;

(ഡി) ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഡി) തമിഴ്നാടിന്റെയും കേരളത്തിന്റെയും അതിർത്തിപ്രദേശമായ വനമേഖലയിൽ വീരപ്പനെ പിടികൂടുന്നതിന് ഒരു പ്രത്യേക ദൗത്യസംഘം പ്രവർത്തനം നടത്തിവരികയാണ്. അവർക്ക് ആവശ്യമായ എല്ലാ സഹായവും കേരള പോലീസ് നൽകിവരുന്നു. വീരപ്പൻ കേരളത്തിൽ എത്തിയതായി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly